RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.21.05.2020

**സർക്കുലർ നമ്പർ 42/20**

വിഷയം:- സഹകരണ വകുപ്പ്- കോവിഡ് 19 - സഹകരണ സ്ഥാപനങ്ങളിലെ എം.ഡി.എസ്.ജി.ഡി.എസ്-എന്നിവയുടെ നറുക്കെടുപ്പ്/ലേല നടപടികൾ പുനരാരംഭിക്കുന്നത്- സംബന്ധിച്ച്

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 3.4.2020 ലെ 27/2020 . നമ്പർ സർക്കുലർ നിർദ്ദേശം.

*****

കോവിഡ് 19 ന്റെ രോഗ വ്യാപനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രഖ്യാപിച്ചിട്ടുള്ള ലോക്ക്ഡൗണിന്റെ ഭാഗമായി സഹകരണ ബാങ്കുകൾ/സംഘങ്ങൾ നടത്തി വരുന്ന എം.ഡി.എസ്. ജി.ഡി.എസ് തുടങ്ങിയ നിക്ഷേപ പദ്ധതികളുടെയും നറുക്കെടുപ്പ്/ലേല നടപടികൾതാൽക്കാലികമായി നിർത്തിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശ പ്രകാരംനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. നിലവിൽ ലോക്ക്ഡൗൺ വ്യവസ്ഥയിൽ ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സഹകരണ സ്ഥാപനങ്ങൾ നടത്തിവരുന്ന എം.ഡി.എസ്., ജി.ഡി.എസ്. തുടങ്ങിയ നിക്ഷേപ പദ്ധതിയുടെ നറുക്കെടുപ്പ്/ലേല നടപടികൾ കോവിഡ് 19 രോഗ വ്യാപനവുമായി ബന്ധപ്പെട്ട സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരം നടത്താവുന്നതാണ്.
2. ലോക്ക്ഡൗൺ കാലയളവിൽ മാറ്റിവെച്ച എം.ഡി.എസ്., ജി.ഡി.എസ്. തുടങ്ങിയ നിക്ഷേപ പദ്ധതിയുടെ കാലാവധി ഭരണ സമിതിയുടെ തീരുമാന പ്രകാരം ദീർഘിപ്പിച്ച നൽകാവുന്നതാണ്.
3. ഓരോ എം.ഡി.എസ്., ജി.ഡി.എസ്. തുടങ്ങിയ നിക്ഷേപ പദ്ധതികളിലെ നറുക്കെടുപ്പ്/ ലേല നടപടികൾ ഓരോ നറുക്ക്/ലേലത്തിലും പങ്കെടുക്കേണ്ട അംഗങ്ങളെ മുൻകൂർ അറിയിച്ച് നടത്തേണ്ടതാണ്.
4. ഇപ്രകാരം ലേല നടപടികൾ നടത്തുമ്പോൾ ഓരോ നറുക്കിലും പങ്കെടുക്കേണ്ടവരെ മാത്രം ലേല ഹാളിലേയ്ക്ക് പ്രവേശിപ്പിച്ച് സാമൂഹിക അകലം പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണം നടത്തേണ്ടതുമാണ്.

ഒപ്പ്
എ.അലക്സാണ്ടർ. ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം.
4. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
5. എഡിറ്റർ/സഹകരണ വീഥി,
6. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.ബി)